# തൂലിക



ഡിജിറ്റൽ മാഗസിൻ
പി എം എസ് എ എച്ച് എസ് എസ്  ചാപ്പനങ്ങാടി



മലപ്പുറം ജില്ലയിലെ പൊന്മള പഞ്ചായതിലെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് പി.എം.എസ്.എ.ഹയർ സെക്കണ്ടറി സ്ക്കൂൾ. വിദ്യാലയം മലപ്പുറം ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

1968ൽ ഒരു ഹൈസ്ക്കൂൾ എന്ന നിലയിലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. വിദ്യാലയം സ്ഥാപിച്ചത് പി.എം.എസ്.എ.പൂക്കോയ തങ്ങളുടെ നാമധേയത്തിലാണ്.മർഹൂം-വി.എച്ച്. മുഹമ്മദ്കുട്ടി ഹാജിയാണു സ്ഥാപക മാനേജർ. ഇപ്പോഴത്തെ മാനേജർ-വി. ജാഹ്ഫറു സാദിഖ് .സി.ജെ. മാത്യൂ ആണ് പ്രധാന അദ്ധ്യാപകൻ. ഹൈസ്ക്കൂളിന്റെ ആദ്യ പ്രധാന അദ്ധ്യാപകൻ ശ്രീ.ടി.മുഹമ്മദ് 2002-ത്തിൽ വിദ്യാലയത്തിലെവൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു. 2015ൽ ഹയർ സെക്കണ്ടറി വിഭാഗവും പ്രവർത്തനമാരംഭിച്ചു.

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്ക്കൂളിന് 5 കെട്ടിടങ്ങളിലായി 30 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 4 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സൗകര്യപ്രദമായ മൂത്രപ്പുരകൾ ഉൺട്.

ഹൈസ്ക്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം 20 കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.. ഏകദേശം 3000 പുസ്തകങ്ങങൾ ഉള്ള ലൈബ്രറി നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

# അമ്മ

ഷാന ഫാത്തിമ, 9 E


"അമ്മേ നിങ്ങളിത് എവിടെയാ"?, " മോനേ ഞാനിതാ വരാന്തയിൽ ഉണ്ട് " കാർത്യായനി അമ്മ അകത്തേക്ക് വിളിച്ചുപറഞ്ഞു." ദേ മനുഷ്യ അവർ വരുമ്പോഴേക്കും അതിനെ വല്ല ഇരുട്ടറ യിലേക്കും തള്ള്"," നീ കിടന്ന് ഞെരിപിരി കൊള്ളണ്ട ഞാൻ അമ്മയെ റൂമിൽ ആക്കി കൊള്ളാം", " എന്നാൽ നിങ്ങൾക്ക് കൊള്ളാം കഴിഞ്ഞതവണ വന്നവർ പറഞ്ഞത് നിങ്ങളും കേട്ടതല്ലേ "

കരു മക്കത്തായ സമ്പ്രദായം പ്രകാരം വയസ്സായവർ വീട്ടിലുള്ളത് കുറവാണെന്ന് ഈശ്വരാ ഇപ്രാവശ്യമെങ്കിലും മോളുടെ കല്യാണം നടക്കണം ഞാൻ നിങ്ങളോട് പറഞ്ഞത് ഇതിനെ വല്ല വൃദ്ധസദനത്തിലും കൊണ്ടാക്കാൻ എന്താ നിങ്ങൾ പറഞ്ഞേ നിങ്ങൾക്ക് അതിന് മനസ്സു ഉറയ്ക്കുന്നില്ല എന്ന് അല്ലേ ,ഇപ്പോ മോള് പുര നിറഞ്ഞു നിൽക്കുന്നത് കണ്ടോ ? ഇട്ടു മൂടാൻ പണം ഉണ്ടായിട്ട് എന്താ കാര്യം, എല്ലാ ആലോചനയും മുടങ്ങുന്നു. "അടങ്ങ് സുമേ അവരൊന്നു വന്നു പൊയ്ക്കോട്ടെ ഞാൻ എല്ലാം ശരിയാക്കാം"

ഇന്നത്തെ കാലത്ത് അമ്മയെ വൃദ്ധസദനത്തിൽ ആക്കുക എന്നൊക്കെ പറഞ്ഞാൽ നാണക്കേടാണ്. അതു കൊണ്ട് അതൊന്നും ഇപ്പോൾ നടക്കില്ല. എന്നാൽ ഞാൻ ഒരു വഴി കണ്ടു വച്ചിട്ടുണ്ട് .എന്തോന്നാടീ അത് ?അമ്മയെ ഈ നാട്ടിലെ വൃദ്ധസദനത്തിലും കൊണ്ടാക്കാം . നാട്ടുകാരോട് അമ്മ നാട്ടിൽ കുടുംബക്കാരും കൂടെ നിൽക്കുകയാണ്. എന്നും പറയാം ഞാനൊന്ന് ആലോചിക്കട്ടെ ..ആണെങ്കിൽ അമ്മയെ കൊണ്ട് എറണാകുളം വരെ പോകണമല്ലോ സുരേഷേട്ടാ നിങ്ങൾ എന്താ ആലോചിച്ചു നിൽക്കുന്നത് വരുന്നില്ലേ ?ഭാര്യയുടെ വിളിയാൽ പഴയ ചിന്തകളിൽ അയാൾ വിമുക്തനായി . മുന്നിൽ കണ്ട സ്വപ്ന ഓർഫനേജ് എന്ന വലിയ ബോർഡ് കണ്ടു അയാൾ ഒന്നു നെടുവീർപ്പിട്ടു.

അമ്മയോട് നാട്ടിൽ പോകാമെന്ന് പറഞ്ഞപ്പോൾ ആദ്യം പറഞ്ഞത് ഇങ്ങോട്ട് വരണമെന്ന് ആണ്. കാറിൽ നിന്നും അയാൾ പതിയെ പുറത്തിറങ്ങി അപ്പോഴേക്കും അമ്മയെ ആരൊക്കെയോ ചേർന്ന് അകത്തേക്ക് കൊണ്ടുപോയി അയാൾ ചുറ്റും ഒന്ന് നിരീക്ഷിച്ചു നല്ല അന്തരീക്ഷം ഇളം കാറ്റിൽ മുളം കൂട്ടം സംഗീതം ആലപിച്ചു തൻറെ ചുണ്ടിൽ ഒരു ചെറുപുഞ്ചിരി വിടരുന്നത് അയാൾ അറിഞ്ഞു അകത്തേക്ക് ചെന്നപ്പോൾ കണ്ട കാഴ്ച നാളെ അൽഭുതപ്പെടുത്തി എല്ലാവരും തൻറെ അമ്മയെ സ്വീകരിച്ച് ആനയിക്കുന്നു ഇതുവരെ അയാൾ പറഞ്ഞിട്ടില്ല അമ്മയെ താൻ ഉപേക്ഷിക്കുകയാണ് എന്ന് ഈ വരവിനെ ലക്ഷ്യം വെറും സന്ദർശനം ആണെന്ന് എല്ലാവരോടും പറഞ്ഞത് എന്തിന് ഓർഫനേജിൽ പോലും അറിയിച്ചിരിക്കുന്നത് അങ്ങിനെയാണ് ഭാര്യയെ അമ്മയ്ക്ക് അടുത്ത് നിർത്തി അയാൾ ഓഫീസിലേക്ക് നടന്നു തൻറെ ഭാര്യ ഇന്ന് എത്രയോ സന്തോഷവതിയാണ് അവളുടെ സന്തോഷത്തിനു വേണ്ടിയാണല്ലോ അയാൾ ഇന്ന് ഇങ്ങോട്ട് വന്നിരിക്കുന്നത് ഓഫീസിൽ ചെന്നപ്പോൾ തന്നെ അയാൾക്ക് വൻ സ്വീകരണമാണ് കിട്ടിയത് അതിൽ അയാൾ അത്ഭുതപ്പെടാൻ ഇരുന്നില്ല തൻറെ അമ്മയെ കുറിച്ച് പറയാൻ അവിടെയുള്ള ഓരോരുത്തർക്കും നൂറുനാവാണ് അപ്പോഴാണ് അയാൾ ഞെട്ടിപ്പിക്കുന്ന ആ സത്യം അറിഞ്ഞത് കാർത്യായനി അമ്മ അവിടുത്തെ ഒരു അന്തേവാസി ആയിരുന്നു പതിനെട്ടാം വയസ്സിൽ വിവാഹം കഴിഞ്ഞു പോയെങ്കിലും അവിടുത്തെ നിത്യ സന്ദർശകരിൽ ഒരാളായിരുന്നു വിവാഹം കഴിഞ്ഞ് ഒരു മാസമായപ്പോൾ നടന്ന അപകടത്തിൽ ഭർത്താവ് മരിച്ചു പിന്നീട് മറ്റൊരു വിവാഹത്തെക്കുറിച്ച് ആലോചിക്കാതെ ആവർത്തിച്ചു ആ ഓർഫനേജ് ഇന്നീ നിലയിൽ നിൽക്കുന്നത് അവരുടെ കഠിനപ്രയത്നം മൂലമാണ് മാത്രമല്ല തൻറെ മുപ്പത്തിയാറാം വയസ്സിൽ ഇവിടെയൊക്കെ ഒരു കുഞ്ഞിളം പൈതലിനെ കൊണ്ടുവന്നു എന്നും റെയിൽവേ ട്രാക്കിൽ നിന്നും കിട്ടിയ ആ കുട്ടിയെ പിന്നീട് ദത്തെടുത്തു എന്നും കൂടാതെ ആ കുട്ടിക്ക് വേണ്ടി അവർ നാടുവിട്ടു എന്നും അറിഞ്ഞപ്പോൾ അയാൾ കോരിത്തരിച്ചു പോയി എപ്പോഴും അച്ഛനെ പറ്റി ചോദിച്ച അമ്മയോട് ദേഷ്യപ്പെട്ട് പോൾ അമ്മ എല്ലാം ഒരു പുഞ്ചിരിയിലൊതുക്കി അതുവരെ പിടിച്ചുവെച്ച കണ്ണുനീർ അയാളിൽ നിന്നും അണപൊട്ടി ഒഴുകി കുറ്റബോധം കൊണ്ട് കരഞ്ഞുകൊണ്ട് അയാൾ അമ്മയുടെ കാലിൽ വീണു തിരിച്ചു അമ്മയുമായി മടങ്ങുമ്പോൾ അയാൾ മനസ്സിൽ ഉറപ്പിച്ചിരുന്നു മരണംവരെ അമ്മയെ തന്നോടൊപ്പം ചേർത്തു വയ്ക്കും.

Fathima Ritha.K 9B



# അസ്തമിക്കാത്തത് ഒന്നുമാത്രം



തോരാത്തൊരു മഴയുണ്ടോ....

ഇടിവെട്ടി പെയ്യുന്ന മഴയും തോരും....


കണ്ണിൽ നിന്നു വാർന്നൊഴുകുന്ന കണ്ണീരും തോരും....


ചെടിയിൽ പൂക്കുന്ന പൂവും കൊഴിയും....

കൊടികുത്തി വാഴുന്ന മനുഷ്യനും പൊഴിയും....

അസ്തമിക്കാത്തത് ഒന്നുമാത്രം.....

അത് സൂര്യനും ചന്ദ്രനും പകലും മാത്രം....




Mickey Mouse.



# പ്രാണനാം പ്രകൃതി

പ്രകൃതി മിത്രം ആയാൽ വരമായി  മാറും അത്....

പ്രകൃതി ശത്രു ആയാൽ  നിസ്സഹായരായി തീരും നാം.....

പ്രകൃതിയെ നിന്ദിച്ചാൽ......

മുറിവായി മാറും അത്.......

പ്രകൃതിയെ    കരയിപ്പിച്ചാൽ.....

കണ്ണീരിൽ കടലാകും നാം...

പ്രകൃതിയെ  പ്രണയിച്ചാൽ....

പ്രാണനായ് പുൽകും അത്....

പ്രകൃതിയെ   പൂണർന്നാൽ....

പുണ്യങ്ങൾ പകരും അത്....

സഹജൻ ആയി കണ്ടാലോ...

സുകൃതമായി തെളിയും അത്....

